**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ:ശ്രീമതി. മിനി രവീന്ദ്രദാസ്.

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്-ജീവനക്കാര്യം- ആര്യങ്കാവ്, പാറശ്ശാല ചെക്ക് പോസ്റ്റുകളിലെ ഓരോ ക്ഷീര വികസന ഓഫീസർമാരുടെ സ്പെഷ്യൽ ഡ്യൂട്ടി ഭരണസൌകര്യാർത്ഥം ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചും ഓരോ ക്ഷീര വികസന ഓഫീസർമാരുടെ സ്പെഷ്യൽ ഡ്യൂട്ടി അവസാനിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/1606/2021-ES1 തിരുവനന്തപുരം,തീയതി:**28/05/2021**

പരാമർശം:- 1. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 28.04.2021 ലെ മേൽ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

മേൽസൂചിത ഉത്തരവ് പ്രകാരം ക്ഷീര വികസന വകുപ്പിൻ കീഴിൽ പാറശ്ശാല, ആര്യങ്കാവ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പാൽ പരിശോധനാ ചെക്ക് പോസ്റ്റുകളുടെ കാര്യക്ഷമമായതും സുഗമമായതുമായ പ്രവർത്തനം മുൻനിറുത്തിയും നിലവിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഗണിച്ചും ഭരണസൌകര്യാർത്ഥവും താഴെപ്പറയുംവിധം സ്പെഷ്യൽ ഡ്യൂട്ടികൾ അനുവദിച്ചും ക്രമീകരിച്ചും ഉത്തരവാകുന്നു.

1. നിലവിൽ പാറശ്ശാല ചെക്ക് പോസ്റ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ തുടരുന്ന ശ്രീ. രാജേഷ് (ക്ഷീര വികസന ഓഫീസർ, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം)-നെ ഒരു മാസം കൂടി സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവാകുന്നു.

2. നിലവിൽ പാറശ്ശാല ചെക്ക് പോസ്റ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ തുടരുന്ന ശ്രീ. ജിപിൻ ജി.പി., ക്ഷീര വികസന ഓഫീസർ, ക്വാളിറ്റി കൺട്രോൾ കാര്യാലയം, ഇടുക്കിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഇന്നേദിവസം A.N. പ്രാബല്യത്തിൽ അവസാനിപ്പിച്ച് ഉത്തരവാകുന്നു. ടിയാൻ സ്വന്തം ലാവണത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതാണ്.

3. നിലവിൽ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ തുടരുന്ന ശ്രീ. മാത്യൂ വർഗ്ഗീസ് , ക്ഷീര വികസന ഓഫീസർ, ക്വാളിറ്റി കൺട്രോൾ കാര്യാലയം, പത്തനംതിട്ടയെ ഒരു മാസം കൂടി സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവാകുന്നു.

4. നിലവിൽ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ തുടരുന്ന ശ്രീ. ഓമനക്കുട്ടൻ, ക്ഷീര വികസന ഓഫീസർ, ക്ഷീരവികസന യൂണിറ്റ്, നടുവിലാഞ്ചേരി, കൊല്ലത്തിന്റെ സ്പെഷ്യൽ ഡ്യൂട്ടി ഇന്നേദിവസം A.N. പ്രാബല്യത്തിൽ അവസാനിപ്പിച്ച് ഉത്തരവാകുന്നു. ടിയാൻ സ്വന്തം ലാവണത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതാണ്.

പാറശ്ശാല, ആര്യങ്കാവ് ചെക്ക് പോസ്റ്റുകളിൽ നിലവിൽ ജോലി നോക്കിവരുന്ന ക്ഷീര വികസന ഓഫീസർമാർ അവധിയിൽ പ്രവേശിക്കുന്ന ദിവസങ്ങളിൽ ആവശ്യമായ പകരം താൽക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് യഥാക്രമം തിരുവനന്തപുരം, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

Signature Not Verified

Digitally signed by MINI RAVINDRADAS
Date: 2021.05.28 17:18:13 IST
Reason: Approved

**ഡയറക്ടർ**

**MINI RAVINDRADAS DDD, O/O DIR DDD**

To: ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.

പകർപ്പ്:- 1) ഡെപ്യൂട്ടി ഡയറക്ടർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി)

2)അസിസ്റ്റന്റ് ഡയറക്ടർ/ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം.

3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ

4) ഡെപ്യൂട്ടി ഡയറക്ടർമാർ (എക്സ്റ്റൻഷൻ, ഐ.ടി. സെൽ)

5) ഡയറക്ടറുടെ സി.എ.

6) സഞ്ചയം 7) ശേഖര സഞ്ചയം.